"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല- വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്- 2020-21 മുതൽ 2022-23 കാലയളവുകളിൽ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിലെ പരിധിയിലുള്ള പ്രധാനമായും ആറ് ഗ്രാമപഞ്ചായത്തുകളിലെ 34 എസ്.സി കോളനികളിൽ ഉൾപ്പെടെയുള്ള സോളാർ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങളുടെ പരിശോധന- വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നടപടികൾ സാധൂകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

G.O.(Rt)No.767/2026/LSGD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 1/7/2024ലെ 1(1) ഭരണസമിതി തീരുമാനം
2. വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച 2024 -ലെ അപേക്ഷ
3. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 31/7/2025 ലെ LSGD/PD/10492/2025-AM3 നമ്പർ കത്ത്
3. വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 4/11/2025 ലെ 5704379-2025 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റ വിവിധ സ്ഥലങ്ങളിൽ 2020-2023 വരെയുള്ള കാലയളവിൽ നടപ്പാക്കിയതും, അക്രഡിറ്റഡ് ഏജൻസിയായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം എന്ന സ്ഥാപനം മുഖേന നടപ്പിലാക്കിയതുമായ വിവിധ സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ പ്രോജക്ടുകളുടെ ചെലവുകൾ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തുകയും, 14 ഡിവിഷൻ മെമ്പർമാർക്ക് വ്യക്തിഗത ബാധ്യത ചുമത്തിയതായും അതിനാൽ ടി പ്രോജക്ടിന് സർക്കാർ സാധൂകരണം നൽകണമെന്നും വ്യക്തിഗത ബാധ്യത പൂർണ്ണമായും ഒഴിവാക്കി നൽകണമെന്നും ആവശ്യപ്പെട്ട് പരാമർശം (1) ലെ പ്രകാരം ഭരണസമിതി തീരുമാനം സഹിതം വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി .

2) തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (3) ലെ കത്ത് പ്രകാരം ചുവടെ ചേർക്കുന്ന ഓഡിറ്റ് തടസ്സവാദങ്ങളിലെ ചെലവുകൾക്ക് സാധൂകരണം നൽകി ഭരണസമിതി അംഗങ്ങളുടെ വ്യക്തിഗത ബാധ്യത ഒഴിവാക്കി നൽകണമെന്ന വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ സർക്കാരിൽ ശിപാർശ ചെയ്യുകയുണ്ടായി.

(i) 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 1.19 ഓഡിറ്റ് ഖണ്ഡികയിൽ 05/ 21 എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന് പരിധിയിലുള്ള ആറ് ഗ്രാമപഞ്ചായത്തുകളിലെ 34 എസ്.സി കോളനികളിൽ വികസന ഫണ്ട് (എസ്.സി.പി) പ്രകാരം 95,95,900/-രൂപയും, പ്രൊജക്റ്റ് നമ്പർ 161/21 ആയി 'സോളാർ മിനിമാസ്റ്റ് സ്ഥാപിക്കൽ (ജനറൽ)

പ്രകാരം 5,60,000/- രൂപയും (വികസന ഫണ്ട് ജനറൽ പ്രകാരമുള്ള 2,70,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാൻറ് ഉപയോഗിച്ചുള്ള 2,24,003/- രൂപ തനത് ഫണ്ട് ഉപയോഗിച്ചുള്ള 65,997/- രൂപ എന്നിവയടക്കം) ഉൾപ്പെടെ 1,01,55,900 രൂപ ചെലവഴിച്ച് വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന് പരിധിയിലുള്ള (34+2=36) 36 സ്ഥലങ്ങളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചത്,

(ii) 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 1.13 ഓഡിറ്റ് ഖണ്ഡികയിൽ പ്രൊജക്റ്റ് നമ്പർ 38/22 പ്രകാരം 24,75,353/ രൂപയും(വികസന ഫണ്ട് ജനറൽ) പ്രൊജക്റ്റ് നമ്പർ 39/22 പ്രകാരം 66,00,924/- രൂപയും (വികസന ഫണ്ട് എസ്.സി.പി). പ്രൊജക്റ്റ് നമ്പർ 147/22 പ്രകാരം ധനകാര്യകമ്മീഷൻ അവാർഡ് വിനിയോഗിച്ച് 44,00,628/- രൂപയും ഉൾപ്പെടെ 134,76,923/- രൂപ ചെലവഴിച്ച് വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 49 സ്ഥലങ്ങളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചത്,

(iii) 2022-23 സാമ്പത്തിക വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1.27 ൽ പ്രൊജക്റ്റ് നമ്പർ 48/23 പ്രകാരം 16,50,235/- രൂപ വികസന ഫണ്ട് (എസ്.സി.പി) ചെലവഴിച്ച് വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന് പരിധിയിലുള്ള 6 സ്ഥലങ്ങളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചത്

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, കേരള പഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടികപ്രകാരം (166-ാം വകുപ്പ് (1)-ാം ഉപവകുപ്പ്) സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതാണെന്നും, ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലല്ലാത്ത മേഖലയിൽ ഫണ്ട് ചെലവഴിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണെന്നുമാണ് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് ഖണ്ഡികകളിലെ പരാമർശമെന്നതിനാൽ പ്രസ്തുത പ്രൊജക്റ്റുകൾ പ്രകാരം വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ ഡിവിഷൻ പരിധികളിൽ സ്ഥാപിച്ചിട്ടുള്ള മുഴുവൻ തെരുവ് വിളക്കുകളും നിലവിൽ തീർത്തും പ്രവർത്തനക്ഷമമാണെന്നും കാലാകാലങ്ങളിൽ അവയ്ക്ക് വേണ്ടുന്ന മെയിന്റനൻസ് പ്രവൃത്തികൾ യഥാസമയങ്ങളിൽ ചെയ്ത് വരുന്നുണ്ടെന്ന വസ്തുത കണക്കിലെടുത്തും, വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലല്ലാത്ത മേഖലയിൽ ഫണ്ട് ചെലവഴിച്ചത് സമൂഹത്തിന്റെ പിന്നോക്കാവസ്ഥയിലുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന സ്ഥലങ്ങളിലാണ് അധിക സോളാർ ലൈറ്റുകളും സ്ഥാപിച്ചിട്ടുള്ളതെന്നും, ടി വിഭാഗക്കാർക്കെതിരെ രാത്രി കാലങ്ങളിലുള്ള അതിക്രമങ്ങളും, വന്യജീവികളുടെ ആക്രമണങ്ങളും ഗണ്യമായി തടയാൻ ഇടവരുത്തിയിട്ടുണ്ടെന്നും, സ്ഥാപിച്ചിട്ടുള്ള സോളാർ മിനിമാസ്റ്റ് ലൈറ്റുകൾ നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നുണ്ടെന്നും ആയവയുടെ അറ്റകുറ്റപ്പണികൾ യഥാസമയങ്ങളിൽ നിർവഹിച്ചു വരുന്നുണ്ടെന്ന വസ്തുത കണക്കിലെടുത്തും, 15-ാം ധനകാര്യ കമ്മീഷൻ മാർഗ്ഗരേഖകൾ പ്രകാരം ഭരണഘടനയുടെ 11-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇരുപത്തിയൊമ്പത് വിഷയങ്ങളിൽ ശമ്പളം മറ്റ് സ്ഥാപന ചെലവുകൾ എന്നിവ ഒഴികെ സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള ആവശ്യങ്ങൾക്കായി പ്രാദേശിക സർക്കാരുകൾക്ക് FC അടിസ്ഥാന ഗ്രാന്റ് (United Basic Grant) ഉപയോഗിക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിരിയ്ക്കുന്നതിന്റെ അടിസ്ഥാനത്തിലും, 2020-21 മുതൽ 2022-23 കാലയളവുകളിൽ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന് പരിധയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നടപടി സാധൂകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LEENA N P

ADDITIONAL SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, [illegible] പഞ്ചായത്ത്, വെച്ചൂരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്. ( 2/3/2026 ലെ 3378255/DEV -3/9/2026-FIN)

ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ .വിവരജനപൊതുസമ്പർക്ക വകുപ്പ്

കരുതൽ ഫയൽ.(DB3/428/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Smitha. L

Date: 15-03-2026 15:47:50

സെക്ഷൻ ഓഫീസർ